# പതിമൂന്നാം കേരള നിയമസഭ
## രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 7118 — 03.11.2011 ൽ മറുപടിയ്ക്ക്

### കുടുംബശ്രീ യൂണിറ്റുകൾക്ക് കാർഷിക വായ്പ

| ചോദ്യം | മറുപടി |
| --- | --- |
| ശ്രീ. റ്റി. വി. രാജേഷ് | ശ്രീ. സി. എൻ. ബാലകൃഷ്ണൻ<br>(സഹകരണ വകുപ്പ് മന്ത്രി) |
| (എ) സഹകരണസംഘങ്ങൾ കാർഷിക മേഖലയിൽ ഏതൊക്കെ വിധത്തിലുള്ള സഹായങ്ങളാണ് നൽകുന്നത്; | (എ) സഹകരണ സംഘങ്ങൾ കർഷകർക്ക് 7% പലിശ നിരക്കിൽ ഹ്രസ്വകാല കാർഷിക വിള വായ്പകൾ വിതരണം ചെയ്യുന്നു. നെൽകർഷകർക്ക് നെൽകൃഷിക്കായി പലിശ രഹിത വായ്പ നൽകുന്നു. ഏതാനും ചില സഹകരണ സംഘങ്ങൾ കാർഷികോല്പന്നങ്ങളായ നെല്ല്, കൊപ്ര എന്നിവയ്ക്ക് കർഷകർക്ക് ന്യായ വില ഉറപ്പാക്കി സംഭരിക്കുകയും സംസ്കരണം നടത്തുകയും ചെയ്യുന്നു. സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ കൊയ്ത്തിന് തൊഴിലാളികളെ ലഭിക്കുന്നതിന് ബുദ്ധിമുട്ട് അനുഭവിക്കുന്ന കർഷകരെ സഹായിക്കുന്നതിന് ചില സഹകരണ സംഘങ്ങൾ കൊയ്ത്ത് മെതിയന്ത്രത്തിന്റെ സേവനം ലഭ്യമാക്കുന്നുണ്ട്. സഹകരണ സംഘങ്ങൾ മുഖേന വായ്പ ആവശ്യമുള്ള പാടശേഖര സമിതികൾ, സ്വയംസഹായ സംഘങ്ങൾ, കുടുംബശ്രീ അയൽക്കൂട്ടങ്ങൾ, ജോയിന്റ് ലയബിലിറ്റി ഗ്രൂപ്പുകൾ എന്നിവയ്ക്ക് കൃഷി ചെയ്യുന്നതിന് കാർഷിക വായ്പ ലഭ്യമാക്കുന്നു. കാർഷിക വൃത്തിക്കിടയിൽ കർഷകരുടെ കുടുംബങ്ങൾ അഭിമുഖീകരിക്കുന്ന കാർഷികേതര ആവശ്യങ്ങൾ കൂടി നേരിടുന്നതിന് കാർഷിക വായ്പയിൽ ഒരു ഭാഗം കാർഷികേതര ആവശ്യങ്ങൾക്കു കൂടി വിനിയോഗിക്കുവാൻ |

കഴിയുന്ന തരത്തിൽ കിസാൻ ക്രെഡിറ്റ് കാർഡ് മുഖേന സഹകരണ സംഘങ്ങൾ കാർഷിക വായ്പാ വിതരണം ചെയ്യുന്നുണ്ട്. സഹകരണ സംഘങ്ങൾ മുഖേന കർഷകർക്ക് കാർഷിക വായ്പയ്ക്ക് പുറമേ കാർഷിക അനുബന്ധ ആവശ്യങ്ങൾക്കും വായ്പ നൽകുന്നു. ഇതിനു പുറമേ ഏതാനും ചില സഹകരണ സംഘങ്ങൾ കർഷകർക്ക് വിത്ത്, വളം, കീടനാശിനി, കാർഷികോപകരണങ്ങൾ എന്നിവയും വിതരണം ചെയ്യുന്നുണ്ട്.

| | | |
|---|---|---|
| (ബി) | കുടുംബശ്രീ യൂണിറ്റുകൾക്ക് തരിശുഭൂമിയിൽ കൃഷി ചെയ്യുന്നതിന് എന്തെങ്കിലും സഹായം നൽകുന്നുണ്ടോ; വിശദാംശം നൽകുമോ? | (ബി) തരിശുഭൂമിയിൽ നെൽ കൃഷി ചെയ്യുന്ന കുടുംബശ്രീ യൂണിറ്റുകൾക്ക് നെൽകൃഷിക്കായി പലിശരഹിത വായ്പയും, മറ്റ് വിളകൾ കൃഷി ചെയ്യുന്ന സാഹചര്യത്തിൽ ഇവർക്ക് കുറഞ്ഞ പലിശ നിരക്കിലുള്ള (7%) ഹ്രസ്വകാല കാർഷിക വിള വായ്പകളും ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ